**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1522** **01-02-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം കെ.എസ്.ഇ.ബി. സബ്സ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ മീതൂറിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി, വാമനപുരം വില്ലേജിൽ സർവ്വേ നമ്പർ 2318/1 -ലെ 33 സെന്റ് സ്ഥലം നെടുമങ്ങാട് ആർ.ഡി.ഒ.-യുടെ 12.01.2023-ലെ ഉത്തരവനുസരിച്ച് (കേരള ഭൂമി വിട്ടൊഴിയൽ നിയമനുസരിച്ച്) പുറമ്പോക്കിലേയ്ക്ക് മാറ്റി ഉത്തരവാകുകയും അങ്ങനെയുള്ള പ്രസ്തുത ഭൂമി കെ.എസ്.ഇ.ബി.ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള സർക്കാർ ഉത്തരവിനായി, തിരുവനന്തപുരം കളക്ടറേറ്റിൽ നിന്ന് 25.03.2023-ൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന നൽകിയ റിപ്പോർട്ടിന്റെ തൽസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | **വാമനപുരം മണ്ഡലത്തിലെ മീതൂറിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷണർ, ലാൻഡ് റവന്യൂ സമർപ്പിച്ച ശുപാർശയിന്മേൽ യു4/20/2020/റവ ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ ഊർജ്ജ വകുപ്പിന്റേയും ധനകാര്യവകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച്, ഭൂമി കെ.എസ്.ഇ.ബിയ്ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | ഇക്കാര്യത്തിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് റവന്യൂ വകുപ്പിൽ അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | **വാമനപുരം മണ്ഡലത്തിലെ മീതൂറിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷണർ, ലാൻഡ് റവന്യൂ സമർപ്പിച്ച ശുപാർശയിന്മേൽ യു4/20/2020/റവ ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ ഊർജ്ജ വകുപ്പിന്റേയും ധനകാര്യവകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച്, ഭൂമി കെ.എസ്.ഇ.ബിയ്ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ